# പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## [illegible] റിപ്പോർട്ട്

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ (2011-2014) [illegible] റിപ്പോർട്ടിലെ [illegible] ([illegible]) [illegible] സംബന്ധിച്ച റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (കൊല്ലം വിക്ടോറിയ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്)ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

214/2020.

## ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി പി. അയിഷാ പോറ്റി

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി അദ്ധ്യക്ഷയായ ഞാൻ, സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

സാധാരണക്കാർക്ക് സർക്കാർ ആശുപത്രികളിലൂടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കണമെന്ന ലക്ഷ്യം മുൻനിർത്തി, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രികൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിച്ച് നവീകരിക്കുന്നതിനാവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനും സമിതി (2011-2014) തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ സാധാരണക്കാർ പ്രത്യേകിച്ച് തീരദേശവും കശുവണ്ടി മേഖലകളും ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിൽപ്പെടുന്നവർ പ്രധാനമായും ആശ്രയിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രിയായി പ്രവർത്തിക്കുന്ന കൊല്ലം വിക്ടോറിയ ആശുപത്രി സന്ദർശിക്കുകയും ആശുപത്രിയുടെ സമഗ്ര വികസനത്തിനും കാര്യക്ഷമമായ നടത്തിപ്പിനും വേണ്ടി സർക്കാർ സ്വീകരിക്കേണ്ട നടപടികളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി (2011-2014) യുടെ രണ്ടാമത് റിപ്പോർട്ട് 2012 ജൂലൈ മാസം 9-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2019 നവംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

പി. അയിഷാ പോറ്റി,
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

# റിപ്പോർട്ട്

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രികൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിച്ച് നവീകരിക്കുന്നതിനാവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനും ആദ്യപടിയായി സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രിയായി പ്രവർത്തിക്കുന്ന കൊല്ലം വിക്ടോറിയ ആശുപത്രി സന്ദർശിക്കുന്നതിനും സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2012 ജനുവരി 25-ാം തീയതി ബുധനാഴ്ച കൊല്ലം കളക്ടറ്റ് കോൺഫറൻസ് ഹാളിൽ സമിതി യോഗം ചേരുകയും യോഗാനന്തരം കൊല്ലം വിക്ടോറിയ ആശുപത്രിയിലെ ആശുപത്രി സൂപ്രണ്ട്, ഡോക്ടർമാർ എന്നിവരുമായി ആശുപത്രിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി ചർച്ച നടത്തുകയും രോഗികൾ, കൂട്ടിരിപ്പുകാർ, ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരിൽ നിന്ന് തെളിവെടുക്കുകയും ചെയ്തു. തുടർന്ന് 15-2-2012-ന് നിയമസഭാ സമുച്ചയത്തിൽ ചേർന്ന യോഗത്തിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി വിക്ടോറിയ ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച നടത്തി. പ്രസ്തുത ചർച്ചയുടെയും സമിതി സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി (2011-2014)യുടെ രണ്ടാമത് റിപ്പോർട്ട് 9-6-2012-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 17 ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 14-12-2012-ൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് അയച്ചുകൊടുത്തിരുന്നു. റിപ്പോർട്ടിലെ എല്ലാ ശിപാർശകൾക്കും സമിതി ആരാഞ്ഞ അധികവിവരത്തിനും വകുപ്പിൽ നിന്നും മറുപടി ലഭ്യമാകുകയും സമിതി അവ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ പ്രസ്തുത ശിപാർശകളും അവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## ശിപാർശ

സ്ഥലം എം.എൽ.എ. യുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും ഒരു സംയുക്ത യോഗം വിളിച്ച് പുതിയ ആശുപത്രി കെട്ടിടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഈ വർഷം തന്നെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്യുന്നതിന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(21-12-2013-ലെ 3291/ഇ 2/2013/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

273 കിടക്കകൾ അനുവദിച്ചിട്ടുള്ള ഗവൺമെന്റ് വിക്ടോറിയ ആശുപത്രി അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം സമിതി ചൂണ്ടിക്കാണിച്ചത് പോലെ സ്ഥലപരിമിതിയാണ്. ഇതിന് പരിഹാരം ഉണ്ടാക്കുന്നതിന്റെ ഭാഗമായി N.R.H.M. വഴി ഒരു നാലുനില മന്ദിരത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പണി ആരംഭിക്കുകയും 4 നിലയുടെയും കോൺക്രീറ്റ് കഴിയുകയും, ഭിത്തികളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു)

**ശിപാർശ**

ആശുപത്രി ഇപ്പോൾ നേരിടുന്ന പ്രധാനപ്പെട്ട മറ്റ് പ്രശ്നങ്ങൾ സമിതി നേരിൽ കണ്ട് വിലയിരുത്തുകയുണ്ടായി. അവയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകളുടെ ശോച്യാവസ്ഥയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയാകയാൽ കിടത്തി ചികിത്സ ഏറ്റവും ഒഴിവാക്കാനാവാത്ത കാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഴയ 4-ഉം 5-ഉം വാർഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്ത് പൂർണ്ണതോതിൽ ഉപയോഗയോഗ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6 )

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(21-12-2013-ലെ3291/ഇ 2/2013/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഈ വാർഡുകളുടെ നവീകരണത്തിന് വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാലാം വാർഡിലെ പഴയ ലാട്രിനുകൾ പൂർണ്ണമായി നവീകരിച്ചുകഴിഞ്ഞു. അഞ്ചാം വാർഡിലെ ലാട്രിൻ നവീകരണം ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ Asset Maintenance Fund ഉപയോഗിച്ച് രണ്ട് വാർഡുകളുടെയും നവീകരണം നടത്തുന്നതിന് തീരുമാനം ആയിട്ടുണ്ട്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു)

**ശിപാർശ**

ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴിയാണ് ലഭിക്കുന്നത്. അവ കാര്യക്ഷമമായി സൂക്ഷിക്കുന്നതിന് ആധുനിക രീതിയിലുള്ള ഒരു ഡ്രഗ് സ്റ്റോർ സജ്ജീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

(21-12-2013-ലെ3291/ഇ 2/2013/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ആവശ്യമായ മരുന്നുകൾ KMSCL വഴി ലഭ്യമാണ് കൂടാതെ RSBY, JSSK Scheme വഴി ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ, സൗജന്യമായി വാങ്ങി നൽകുന്നുണ്ട്. നിലവിലുള്ള Drug store-നോട് അനുബന്ധിച്ച് കൂടുതൽ Storage area-ക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ

ആശുപത്രി പരിസരത്ത് മാലിന്യങ്ങൾ കുന്നുകൂടുന്നത് പകർച്ചവ്യാധികൾ ഉണ്ടാകുവാനും കെട്ടിടത്തിനകത്തേക്ക് ദുർഗന്ധം വമിക്കുവാനും രോഗികളായ സ്ത്രീകൾക്കും കുട്ടികൾക്കും അണുബാധയുണ്ടാകുവാനും കാരണമാകും. ആശുപത്രിയിലെ മാലിന്യങ്ങൾ, ആശുപത്രിയിലുണ്ടാകുന്ന ബയോമെഡിക്കൽ വേസ്റ്റുകൾ ഐ.എം.എ.-യുടെ ഇമേജ് സ്കീം വഴിയും, ജൈവമാലിന്യങ്ങൾ കോർപ്പറേഷൻ വഴിയും നീക്കം ചെയ്യുന്നുവെങ്കിലും ആശുപത്രി പരിസരം മാലിന്യങ്ങളാൽ നിറഞ്ഞിരിക്കുന്നത് സമിതിക്ക് നേരിട്ട് കാണാൻ സാധിച്ചു. ഈ അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി മാലിന്യങ്ങൾ അതിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഭാഗത്ത് നിക്ഷേപിക്കേണ്ടതും കൃത്യമായി നീക്കം ചെയ്യേണ്ടതും ആശുപത്രിയുടെ ആരോഗ്യകരമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ പരിസരശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും കൂടുതൽ ഫലപ്രദമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ശുചീകരണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള മൂന്ന് പാർട്ട് ടൈം സ്വീപ്പർ പോസ്റ്റുകൾ പരിമിതമായതിനാൽ ഇക്കാര്യത്തിന് ആവശ്യം വേണ്ട കൂടുതൽ ജീവനക്കാരെ അടിയന്തരമായി നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

## സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

(21-12-2013-ലെ3291/ഇ 2/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ആശുപത്രിയിൽ ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങളെ IMA-യുടെ Image Scheme വഴി ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള ചെലവ് HMC വഹിക്കുന്നു. ജൈവമാലിന്യങ്ങൾ ഇപ്പോൾ കൊല്ലം കോർപ്പറേഷൻ നീക്കം ചെയ്യാത്തതിനാൽ ആഴത്തിൽ കുഴിച്ചുമൂടുകയാണ് ചെയ്യുന്നത്. Waste Water കൈകാര്യം ചെയ്യുന്നതിനായി ഒരു Sewage treatment Plant ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള 3 PTS-നെ കൂടാതെ 2 ജീവനക്കാരെ കൂടി മാലിന്യ സംസ്കരണ വിഭാഗത്തിൽ HMC വഴി നിയമിച്ചിട്ടുണ്ട്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ

ആശുപത്രിയിലെ ഡ്രെയിനേജ്, സാനിട്ടറി എന്നീ സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഭാവിയിലെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് ആശുപത്രിയുടെ ഡ്രെയിനേജ് സംവിധാനം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഡ്രെയിനേജ് സംവിധാനത്തിൽ കേടുപാടുകൾ കണ്ടുപിടിക്കപ്പെട്ടാൽ അപ്പപ്പോൾത്തന്നെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

(21-12-2013-ലെ3291/ഇ 2/2013/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഡ്രെയിനേജ്, സാനിട്ടറി സംവിധാനങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ നടന്നുവരുന്നു. കേടുവന്ന ഓടകൾ പുതുക്കി പണിതിട്ടുണ്ട്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ

ആശുപത്രിയിലെ ഭക്ഷണശാല വൃത്തിഹീനമാണെന്ന് സമിതി മനസ്സിലാക്കി വൃത്തിയും സൗകര്യവുമുള്ള ഒരു ഭക്ഷണശാല പ്രവർത്തിപ്പിക്കുന്നതിനും ആയതിന്റെ മേൽനോട്ടം ആശുപത്രി ഭരണനിർവ്വഹണ വിഭാഗത്തിന്റെ കീഴിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇപ്പോൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ആശുപത്രി ഡൈനിംഗ് ഹാളിന്റെ നവീകരണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

## സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

(21-12-2013-ലെ3291/ഇ 2/2013/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഭക്ഷണശാലയുടെ നവീകരണം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് പണികൾ നടന്നുവരുന്നു. ഇത് അവസാന ഘട്ടത്തിലാണ്. പണി പൂർത്തിയായ ശേഷം കുടുംബശ്രീ മുഖേന ഒരു ക്യാന്റീൻ തുടങ്ങാനും ജില്ലാ പഞ്ചായത്ത് തീരുമാനം ഉണ്ട്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

### ശിപാർശ

ആശുപത്രിയിലേക്കുള്ള റോഡ് ഗതാഗതം സൗകര്യപ്രദമായി വിപുലീകരിക്കേണ്ടതാണ്. പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്നവരേയും വഴിയോര കച്ചവടക്കാരെയും യാചകരെയും ഒഴിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സ്വീകരിച്ച നടപടി (പൊതുമരാമത്ത് വകുപ്പ്)

(23-5-2016-ലെ 15116/ജി3/15/പൊ.മ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കൊല്ലം വിക്ടോറിയ ആശുപത്രിയിലേക്കുള്ള റോഡ് ടാർ ചെയ്യുകയും ഒരു വശത്ത് നടപ്പാത നിർമ്മിക്കുകയും വഴിയോര കച്ചവടക്കാരെയും യാചകരെയും ഒഴിവാക്കി റോഡ് സഞ്ചാരയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(17-5-2017-ലെ യോഗത്തിൽ അംഗീകരിച്ച)

### ശിപാർശ

ആശുപത്രിയിലേക്കുള്ള അടിസ്ഥാനസൗകര്യങ്ങളായ ശുദ്ധജലവിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും വേണ്ടി ഇലക്ട്രീഷ്യന്റേയും പ്ലംബറുടേയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

### സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

(23-12-2015-ലെ 38956/എച്ച്1/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കൊല്ലം വിക്ടോറിയ ആശുപത്രിയിൽ ഇലക്ട്രീഷ്യന്റേയും പ്ലംബറുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ ശിപാർശയിൽ ഉടൻ നടപടി സ്വീകരിച്ച് നിയമനം നടത്തുന്നതിന് ഡി.എച്ച്.എസ്. നടപടിയെടുത്തുവരുന്നുണ്ട്. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് ഹൈടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

പ്രസ്തുത റിപ്പോർട്ട് 9-3-2016-ലെ സമിതി യോഗം പരിഗണിക്കുകയും ഇലക്ട്രീഷ്യൻ/പ്ലംബർ തസ്തിക സൃഷ്ടിക്കുന്നതിന്റേയും ഹൈടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന നടപടിയുടെയും നിലവിലെ അവസ്ഥ എന്താണെന്ന് അധികവിവരം ആരായാൻ തീരുമാനിക്കുകയും ചെയ്തു.

**അധികവിവരത്തിന്മേൽ സ്വീകരിച്ച നടപടി**

(29-12-2018-ലെ ഹെൽത്ത്-എം1/635/2018/ഹെൽത്ത് നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്)

കൊല്ലം ഗവ.വിക്ടോറിയ ആശുപത്രിയിൽ ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ തസ്തികകളിൽ ആശുപത്രി വികസന സമിതി മുഖേന താത്കാലികമായി ജീവനക്കാരെ നിയമിക്കുകയും ടി ആശുപത്രിയിലെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഹൈടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(19-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

പുതിയ കെട്ടിടം പൂർത്തിയാകുമ്പോൾ, റിസപ്ഷൻ സംവിധാനം ഒരുക്കുകയും വാർഡുകളിൽ കൂട്ടിരുപ്പുകാരുടെയും സന്ദർശകരുടെയും ബാഹുല്യംമൂലം ഉണ്ടാകുന്ന തിരക്ക് കുറയ്ക്കുന്നതിന് സന്ദർശനം പാസ്സ് മുഖേന നിയന്ത്രിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(21-12-2013-ലെ 3291/ഇ 2/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പാസ്സ് മൂലം സന്ദർശകരെ ഇപ്പോൾ നിയന്ത്രിക്കുന്നു. 6 Male Security Staff, 6 Female Security Staff-നെയും HMC വഴി നിയമിച്ചിട്ടുണ്ട്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

വിക്ടോറിയ ഹോസ്പിറ്റലിലെ പ്രതിമാസ ശരാശരി ഒ.പി. 15500-ഉം പ്രതിമാസ ശരാശരി ഐ.പി. 1300-ഉം പ്രതിമാസ ശരാശരി പ്രസവം 515-ഉം പ്രതിമാസ ശരാശരി എൽ.എസ്.എസ്.സി.എസ്. 310-ഉം ആണ്. വിക്ടോറിയ ആശുപത്രിയിൽ ദിനംപ്രതി എത്തുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണത്തിൽ ക്രമാതീതമായി വർദ്ധനവ് ഉണ്ടായിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ ഇവരെ വേണ്ടവിധം പരിഗണിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും മതിയായ തസ്തികകൾ അനുവദിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും സത്വര നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

(27-1-2016-ലെ 14006/എം1/2013/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വിക്ടോറിയ ആശുപത്രിയിലെ പ്രതിമാസ ശരാശരി ഒ.പി. 18500-ഉം പ്രതിമാസ ശരാശരി ഐ.പി. 1400-ഉം പ്രതിമാസ ശരാശരി പ്രസവം 5554-ഉം പ്രതിമാസ ശരാശരി LSSCS-2985, PPS-2233, Lapro-242, Minilap-91 എന്നിങ്ങനെ വർദ്ധിച്ചിട്ടുണ്ട്. ടി വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വിക്ടോറിയ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്.

(17-5-2017-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ

സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ജീവനക്കാരുടെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിക്കുന്നില്ല. നിലവിലുള്ള നഴ്സിംഗ്, പാരാമെഡിക്കൽ തസ്തികകൾ അപര്യാപ്തമാണെന്ന് അധികൃതർ സമിതിയെ അറിയിച്ചു. ജീവനക്കാരുടെ കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുന്നതായി സമിതി കരുതുന്നു. ആയതിനാൽ ആവശ്യമുള്ള നഴ്സിംഗ്, പാരാമെഡിക്കൽ തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ താമസംവിനാ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

(27-1-2016-ലെ 14006/എം1/2013/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(17-5-2017-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ

എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചുചേർത്ത് ആശുപത്രിയിലെ എല്ലാ തലങ്ങളിലേയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ രേഖപ്പെടുത്തുകയും ആയത് ഉന്നത അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(21-5-2016-ലെ 3379/എം2/2013/ആ.കു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കൊല്ലം ഗവ. വിക്ടോറിയ ആശുപത്രിയിൽ എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കുകയും എല്ലാ തലങ്ങളിലെയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുകയും പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(17-5-2017-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

ആശുപത്രി വികസന സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ടെന്ന് അധികൃതർ സമിതിയെ അറിയിച്ചു. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വികസന സമിതി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 17)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(20-3-2014-ലെ 14008/എം3/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ ആശുപത്രി വികസന സമിതി രണ്ട് മാസത്തിലൊരിക്കൽ കൂടുന്നുണ്ട്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

മാനസികവൈകല്യമുള്ള കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള ചികിത്സയുടെ ഭാഗമായി ഓട്ടിസം ക്ലിനിക്കിന്റെ നേതൃത്വത്തിൽ രക്ഷിതാക്കളെ കൂടി പങ്കെടുപ്പിച്ച പരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമാണെന്ന് സമിതി കരുതുന്നു. ഓട്ടിസം ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(27-3-2013-ലെ 304/എഫ്. ഡബ്ല്യു2/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടായി വിക്ടോറിയ ആശുപത്രിയിൽ ആരംഭിച്ചിട്ടുള്ള ഓട്ടിസം ക്ലിനിക്ക് നല്ല രീതിയിൽ പ്രവർത്തനം നടത്തിവരുന്നു. നിലവിൽ ഒരു സ്പെഷ്യൽ

എഡ്യൂക്കേറ്റർ, രണ്ട് ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റുകളും ഇവിടെ പ്രവർത്തിക്കുന്നു. ശിശുരോഗ വിദഗ്ധന്റെയും, മനോരോഗ വിദഗ്ധന്റെയും സേവനം ക്ലിനിക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്.

(4-9-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രി എന്ന നിലയ്ക്ക് പെൺകുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും അവർക്ക് വിവിധ വിഷയങ്ങളിൽ കൗൺസിലിംഗ് നൽകുന്നതും ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പെൺകുട്ടികൾക്കുമാത്രമായി ഒരു പ്രത്യേക വിഭാഗം രൂപം കൊടുക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(27-3-2013-ലെ 304/എഫ്.ഡബ്ല്യൂ2/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വേണ്ട ഉപദേശങ്ങളും കൗൺസിലിംഗും നൽകുന്ന 'ആർഷ് ക്ലിനിക് ' ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ 3-11-2012 മുതൽ പ്രവർത്തനം ആരംഭിച്ചു. കൗമാരക്ലിനിക് എല്ലാ ശനിയാഴ്ചയും 2 മണി മുതൽ 4 മണി വരെ പ്രവർത്തിക്കുന്നു.

(4-9-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

ആശുപത്രിയിൽ നിലവിലുള്ള വാഹനസൗകര്യം വളരെ പരിമിതമായതിനാൽ അവ പരിഹരിക്കുന്നതിനായി രണ്ട് ആംബുലൻസുകൾ കൂടി വാങ്ങുന്നത് ഉചിതമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തരമായി അവ വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(21-12-2013-ലെ 3291/ഇ 2/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

നിലവിൽ ഒരു ആംബുലൻസ് മാത്രമേ വിക്ടോറിയ ആശുപത്രിയിൽ ലഭ്യമായുള്ളൂ. JSSK പദ്ധതി പ്രകാരം കൂടുതൽ ആംബുലൻസുകൾ ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

കിടത്തി ചികിത്സിക്കുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ആവശ്യമെങ്കിൽ കിടക്കകളുടെ എണ്ണം കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(21-12-2013-ലെ 3291/ഇ 2/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

നിലവിലുള്ള സ്ഥിതിയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള കിടക്കകൾ പര്യാപ്തമാണ്. ഇവ ശരിയായ രീതിയിൽ വിന്യസിക്കുന്നതിന് സ്ഥലപരിമിതി തടസ്സമാണ്. ഇപ്പോൾ അനുവദിച്ച പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ**

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്ന നിലയ്ക്ക് കുട്ടികൾക്കായി ആശുപത്രി കോമ്പൗണ്ടിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ കുട്ടികൾക്കുവേണ്ടി വളരെ മനോഹരമായ ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

(21-12-2013-ലെ 3291/ഇ 2/2013/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഇക്കാര്യം ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4-6-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

പി. അയിഷാ പോറ്റി,
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.